സംരക്ഷണ നിയമം, അതിക്രമങ്ങൾ തടയൽ നിയമം എന്നിവയുടെ പ്രചരണത്തിനായി ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്. ലഘുലേഖകളുടെ വിതരണം, സിനിമാ പ്രദർശനം എന്നിവ സംഘടിപ്പിക്കുന്നു. പട്ടിക വർഗ്ഗ മേഖലകളിൽ സോഷ്യൽ ആക്ടിവിസ്റ്റുകളും ഹെൽത്ത് വർക്കർമാരും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പട്ടിക വർഗ്ഗക്കാരുടെ ക്ഷേമപദ്ധതികളെക്കുറിച്ചും ആരോഗ്യ പരിപാലന കാര്യങ്ങളെക്കുറിച്ചും പട്ടികവർഗ്ഗക്കാരിൽ ബോധവൽക്കരണം നടത്തുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) അന്വേഷിച്ചിട്ടുണ്ട്.

24 (*334) ഭവന നിർമ്മാണ പദ്ധതികൾ

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :

ശ്രീ. ടി.കെ. നൗഷാദ് :

ശ്രീ. എം.എ. തോമസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ രംഗത്ത് സർക്കാർ എന്തൊക്കെ പുതിയ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ ആവിഷ്കരിച്ച ഓരോ പദ്ധതിയിലും നാളിതുവരെ കൈവരിച്ച നേട്ടങ്ങൾ വിശദമാക്കുമോ?

(സി) കശുവണ്ടി, കയർ, കൈത്തറി, ബീഡി, ഖാദി, ഗ്രാമീണ വ്യവസായങ്ങൾ, ചെറുകിട തോട്ടങ്ങൾ എന്നീ മേഖലകളിലെ തൊഴിലാളികൾ, പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ എന്നിവർക്ക് ഭവന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) സർക്കാർ ജീവനക്കാരുടെ താമസസൗകര്യത്തിന്റെ അപര്യാപ്തത പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) ഭവനനിർമ്മാണ രംഗത്ത് പുതിയതായി മൈത്രീ ഭവന നിർമ്മാണ പദ്ധതി, സമ്പൂർണ്ണ പാർപ്പിട പദ്ധതി, സുവർണ്ണ ജൂബിലി സമ്പൂർണ്ണ ഭവന പദ്ധതി, പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുള്ള ഭവന നിർമ്മാണ പദ്ധതി മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതി മുതലായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) സർക്കാർ ആവിഷ്കരിച്ച പദ്ധതി അനുസരിച്ച് കഴിഞ്ഞ 3 വർഷംകൊണ്ട് 3,67,200 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. അതിൽ 2,61,383 വീടുകൾ ദുർബല വിഭാഗക്കാർക്കും 28,635 വീടുകൾ താഴ്ന്ന വരുമാനക്കാർക്കും 67,333 വീടുകൾ ഇടത്തരം വരുമാനക്കാർക്കും 19,849 വീടുകൾ ഉയർന്ന വരുമാനക്കാർക്കും നിർമ്മിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഖാദി ഗ്രാമീണ വ്യവസായങ്ങൾ, പ്ലാന്റേഷൻ മേഖലകളിലെ തൊഴിലാളികൾ എന്നിവർക്ക് മൈത്രീ ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി ചില ആനുകൂല്യങ്ങൾ നൽകി ഭവന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൈത്തറി മേഖലയിലെ നെയ്ത്തു തൊഴിലാളികൾക്ക് പണിശാലയോടുകൂടിയ വീട് നിർമ്മിക്കുന്നതിനുള്ള സഹായപദ്ധതി നടപ്പിലാക്കുന്നുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് ഡയറക്ടറേറ്റ് വഴി സർക്കാർ ഭവന പദ്ധതി നടപ്പിലാക്കി വരുന്നു.

(ഡി) മൈത്രീ ഭവന പദ്ധതി പ്രകാരം 9000 രൂപ സർക്കാർ ധനസഹായമായും 19,000 രൂപ വായ്പയും ഉൾപ്പെടെ 28,000 രൂപയാണ് വായ്പയായി അനുവദിക്കുന്നത്. 12,500 രൂപ കരുതൽ ധനമായി ബോർഡിൽ നിക്ഷേപിച്ചാൽ 28,000 രൂപ ബോർഡ് അനുവദിക്കുന്നതും തിരിച്ചടവിൽ നിന്നും ഗുണഭോക്താവിനെ ഒഴിവാക്കുന്നതും ആണ്. മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന പദ്ധതിയിൽ നാഷണൽ ഫിഷർമെൻ വെൽഫെയർ ഫണ്ട് വിഹിതവും പത്താം ധനകാര്യ കമ്മീഷൻ വിഹിതവും സംസ്ഥാന ഗ്രാന്റും ഉപയോഗിച്ച് ഭവനം നിർമ്മിക്കുന്നതിന് 35,000 രൂപ ഗ്രാന്റായി നൽകുന്ന പദ്ധതി നിലവിൽ ഉണ്ട്.

(ഇ) സർക്കാർ ജീവനക്കാരുടെ താമസ സൗകര്യത്തിന്റെ അപര്യാപ്തത പരിഹരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് എല്ലാ വിഭാഗത്തിലെയും സർക്കാർ ഉദ്യോഗസ്ഥർക്കായി പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിശദാംശം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

1 (1544) പട്ടികജാതി - പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ

ശ്രീ. എ. കണാരൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. എളമരം കരിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രത്യേക ഘടകപദ്ധതി ഗിരിവർഗ്ഗ ഉപ പദ്ധതി എന്നിവ സംബന്ധിച്ച് എന്തെല്ലാം സ്കീമുകളാണ് നടപ്പിലാക്കുന്നതെന്ന് പറയുമോ;

(സി) പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായുള്ള പ്രത്യേക ഘടക പദ്ധതി ഗിരിവർഗ്ഗ ഉപപദ്ധതി എന്നിവയുടെ കീഴിൽ നീക്കിവെച്ചിട്ടുള്ള തുക പാഴായിപോകുന്നത് തടയാൻ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ വെളിപ്പെടുത്തുമോ;

(ഡി) തുക പാഴായിപോകുന്നത് പരിഹരിക്കാൻ വകമാറ്റി ചെലവാക്കാൻ അനുവദിക്കുമോ;

(ഇ) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly